(ബി) ഉണ്ടെങ്കിൽ ഈ പ്ലാനിംഗ് കൗൺസിൽ എന്നത്തേക്കാണ് രൂപീകരിക്കുക;

(സി) ഈ കൗൺസിലിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് പ്രാതിനിധ്യം നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് പ്ലാനിംഗ് കൗൺസിലിൽ പ്രാതിനിധ്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ)

(എ) ഒരു സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി കൗൺസിൽ എന്നത്തേക്ക് രൂപീകരിക്കുവാൻ സാധിക്കുമെന്നു കൃത്യമായി പറയുവാൻ നിവൃത്തിയില്ല. ടി കൗൺസിൽ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് എത്രയുംവേഗം പുറപ്പെടുവിക്കാൻ നടപടികൾ എടുത്തുവരുന്നു.

(സി) നിർദ്ദിഷ്ട പ്ലാനിംഗ് അഡ്വൈസറി കൗൺസിലിന്റെ ഘടന താഴെപറയും പ്രകാരമാണ്:

1.	പാർലമെന്റിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന ഓരോ രാഷ്ട്രീയപാർട്ടിയുടെയും ഓരോ മെംബർ	5
2.	പ്രതിപക്ഷ നേതാവ്	1
3.	സംസ്ഥാന പ്ലാനിംഗ് ബോർഡിലെ മെംബർമാർ	10
4.	ട്രേഡ്യൂണിയൻ പ്രതിനിധികൾ	4
5.	കർഷകപ്രതിനിധികൾ	4
6.	കർഷകത്തൊഴിലാളിപ്രതിനിധികൾ	4
7.	സംസ്ഥാന അസംബ്ലിയിൽ ഓരോ രാഷ്ട്രീയ പാർട്ടിയേയും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ	12
8.	സ്വതന്ത്ര മെംബർ	1
9.	വാണിജ്യമണ്ഡലങ്ങളുടെയോ മറ്റു വ്യവസായികളുടെയോ ഉൽപ്പാദകരുടെയോ പ്രതിനിധികൾ	2
10.	ചെറുകിടവ്യവസായികളുടെസംഘടന	2
11.	സഹകരണ പ്രസ്ഥാനം	1
12.	സാമൂഹ്യപ്രവർത്തകർ	1
13.	സാംസ്ക്കാരിക പ്രവർത്തകർ	1
14.	മറ്റു പ്രശസ്ത വ്യക്തികൾ	3
15.	സെക്രട്ടറി	1
	ആകെ	51

(ഡി) ഉദ്ദേശിക്കുന്നില്ല.

നാലാം പദ്ധതിയുടെ രൂപരേഖ

* 163 [597] ശ്രീ. പി. പി. ജോർജ്ജ്:

,, സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) നാലാം പദ്ധതിയുടെ രൂപരേഖ തയ്യാറായി കഴിഞ്ഞുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നമ്മുടെ സംസ്ഥാനത്തിനുള്ള വിഹിതം എത്ര രൂപായാണ്;

(സി) നൽകേണ്ട തുകയെ സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷൻ അന്ത്യതീരുമാനം എടുത്തു കഴിഞ്ഞോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) കഴിഞ്ഞു..

(ബി) 258.40 കോടി രൂപയായിട്ടാണ് താൽക്കാലികമായി തീരുമാനിക്കപ്പെട്ടിട്ടുള്ളത്.

(സി) ഇല്ല. ഈ മാസം ഡൽഹിയിൽ കൂടുന്ന ദേശീയവികസന കൗൺസിലിൽ ഈ പ്രശ്നത്തെപ്പറ്റി അന്ത്യതീരുമാനം എടുക്കുമെന്നു പ്രതീക്ഷിക്കുന്നു.

Uustarred Question and Answer

ദേവസ്വം ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

149 [585] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദേവസ്വം ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ആകെ എത്ര ക്ഷേത്രങ്ങളുണ്ട്;

(ബി) ഇതിൽ ദ്രാവിഡ ഭരണകാലത്ത് നിർമ്മിച്ചിട്ടുള്ളവ എത്ര; ഏതെല്ലാം?

(സി) ഓരോ ക്ഷേത്രവും പണികഴിപ്പിച്ച ആണ്ട്, മാസം, തീയതി എന്നീ വിവരം നൽകുമോ;

(ഡി) ശ്രീ. പത്മനാഭസ്വാമിക്ഷേത്രത്തിൽ സ്വർണ്ണച്ചിരട്ടയിൽ നിവേദ്യം അർപ്പിച്ച് തുടങ്ങിയത് എന്നുമുതൽ;

(ഇ) ഇതിന്റെ പ്രാധാന്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ,ബി, സി, ഡി, ഇ): വിവരങ്ങൾ ശേഖരിച്ചുവരുന്നു.

CALLING ATTENTION UNDER RULE 61

Proposed Strike by the Govt. Primary School Teachers

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഗവൺമെൻറ് പ്രൈമറിസ്കൂൾ അദ്ധ്യാപകർ അവരുടെ ചില ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി മാർച്ചുമാസം 16–ാം തീയതിമുതൽ പണിമുടക്കു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനെ സംബന്ധിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ റൂം അറുപത്തൊന്നനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. രാമകൃഷ്ണനു സംസാരിക്കാം.

9 A.M.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേരള ഗവൺമെൻറ് പ്രൈമറി അദ്ധ്യാപകർ മാർച്ച് 16–ാം തീയതി മുതൽ ഒരു പണിമുടക്കിലേക്ക് നീങ്ങുന്നതായും ആ പണിമുടക്ക് സമരംമൂലം പരീക്ഷ അടുത്തിരിക്കുന്ന ഈ സന്ദർഭ

LIBRARY ARCHIVES Kerala Legislative Assembly